"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ദുരന്ത നിവാരണ (എ) വകുപ്പ്

നമ്പർ.ഡി.എം.എ2/7/2021-ഡി.എം.ഡി-Part(1)

25/05/2021,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും

സർ,

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - കോവിഡ് -19 വ്യാപനം തടയുന്നതിനുള്ള നടപടികൾ - സംസ്ഥാന തല ലോക്ക് ഡൗണിൽ ഇളവുകൾ അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. സ.ഉ (സാധാ) നം.404/2021/ഡി.എം.ഡി തീയതി 07.05.2021
2. സ.ഉ (സാധാ) നം.416/2021/ഡി.എം.ഡി തീയതി 14.05.2021
3. സ.ഉ (സാധാ) നം.432/2021/ഡി.എം.ഡി തീയതി 21.05.2021

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് -19 നിർവ്യാപന പ്രവർത്തങ്ങളുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ പ്രഖ്യാപിച്ചിട്ടുള്ള പൊതു നിയന്ത്രണങ്ങൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ഇളവുകൾക്ക് പുറമെ താഴെപ്പറയുന്ന ഇളവുകൾ കൂടി അനുവദിച്ചിരിക്കുന്നതായി അറിയിക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇവ നടപ്പിലാക്കാനാവശ്യമായ നിർദേശങ്ങൾ അടിയന്തിരമായി നൽകേണ്ടതാണ്.

1. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമന അഡ്വൈസ് അയക്കുന്നതിനായി ആവശ്യമായ മിനിമം ജീവനക്കാരെ വച്ച് കേരള പബ്ലിക് സർവീസ് കമ്മീഷന് പ്രവർത്തനാനുമതി
2. പത്താം ക്ലാസിലെയും പന്ത്രണ്ടാം ക്ലാസ്സിലെയും പരീക്ഷ പേപ്പർ വാല്യുവേഷൻ ജോലികൾ ഏർപ്പിട്ടിരിക്കുന്ന അധ്യാപകർക്കും അതിനു വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ട മറ്റ് ജീവനക്കാർക്കും പ്രവർത്തനാനുമതി. ഇത്തരം ജീവനക്കാരുടെ തിരിച്ചറിയൽ രേഖ ഉപയോഗിച്ച് ഇവർക്ക് 27.05.2021 തീയതി മുതൽ വീട്ടിൽ നിന്ന് ഓഫീസിലേക്കും തിരിച്ചും യാത്ര ചെയ്യാവുന്നതാണ്
3. കേരള എൻവിറോ ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡിന് മിനിമം ജീവനക്കാരെ ഉപയോഗിച്ച് hazardous waste management പ്രവർത്തനങ്ങൾക്കുള്ള അനുമതി
4. വെട്ടു കല്ല് / ചെത്ത് കല്ല് ഇവ ചെത്തി എടുക്കുവാനും വാഹനങ്ങളിൽ അവ നിർമ്മാണ സ്ഥലത്തേക്ക് കൊണ്ട് പോകുന്നതിനുമുള്ള അനുമതി
5. റബ്ബർ മരങ്ങൾക്ക് rain guard ഇടുവാനുള്ള അനുമതിയും അതിനാവശ്യമായ സാധന സാമഗ്രികൾ വിൽക്കുന്ന കടകൾ പ്രവർത്തിക്കാനുള്ള അനുമതി
6. മലഞ്ചരക്ക് വ്യാപാരം നടത്തുന്ന കടകൾക്ക് ഇടുക്കി, വയനാട് ജില്ലകളിൽ ചൊവ്വ വ്യാഴം ദിവസങ്ങളിലും മറ്റ് ജില്ലകളിൽ ചൊവ്വാഴ്ച ദിവസവും പ്രവർത്തിക്കുവാനുള്ള അനുമതി
7. ഓട്ടോമൊബൈൽ സ്പെയർ പാർട്സ് വിൽക്കുന്ന കടകൾക്ക് തിങ്കൾ, വ്യാഴം ദിവസങ്ങളിൽ പ്രവർത്തിക്കുവാനുള്ള അനുമതി

ഇതോടൊപ്പം പള്ളികളിലെ രാത്രി പ്രാർഥന വീടുകളിൽ ചെയ്യുന്ന കാര്യം ജില്ലാ കളക്ടർമാർ അതതു ജില്ലകളിലെ മത നേതാക്കളുമായി ചർച്ച ചെയ്ത തീരുമാനം എടുക്കേണ്ടതാണ്.

മുകളിൽ പരാമർശിച്ചിട്ടുള്ള ഇളവുകൾ അതി തീവ്ര രോഗ വ്യാപനം മുൻനിർത്തി കൂടുതൽ കടുത്തത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള മലപ്പുറം ജില്ലയ്ക്ക് ബാധകമല്ല എന്നുള്ള വിവരം കൂടി താങ്കളെ അറിയിക്കുന്നു

വിശ്വസ്തതയോടെ,

**ഡോ .എ .ജയതിലക് ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.